**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2665** **13-02-2024 - ൽ മറുപടിയ്ക്ക്**

**ഒഫീഷ്യൽ ലാംഗ്വേജ് കമ്മീഷനിലെ ജീവനക്കാരന് നൽകാനുള്ള ശമ്പള കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഭരണഘടനാ സ്ഥാപനമായ അക്കൗണ്ടന്റ് ജനറൽ നിർദ്ദേശിച്ചിട്ടും ജുഡീഷ്യറിയിൽ സേവനമനുഷ്ഠിച്ച കാലഘട്ടത്തിലെ 2016 മുതലുള്ള ശമ്പള കുടിശ്ശിക നിയമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒഫീഷ്യൽ ലാംഗ്വേജ് കമ്മീഷനിലെ ജീവനക്കാരന് നൽകാത്തതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | കേരള ഔദ്യോഗിക ഭാഷ (നിയമനിർമ്മാണ) കമ്മീഷനിലെ ഒരു ജീവനക്കാരന് മുൻ സർവ്വീസിലെ (മുൻസിഫ്-മജിസ്ട്രേറ്റ് തസ്തികയിലെ - ജുഡീഷ്യൽ സർവ്വീസ്) 2016 മുതലുള്ള ശമ്പള കുടിശ്ശിക നൽകുന്നതിന് Pay Slip അനുവദിക്കുന്നതിനായി SPARK ൽ ആവശ്യമായ താൽക്കാലിക ക്രമീകരണം നടത്തണമെന്ന് അക്കൗണ്ടന്റ് ജനറൽ നിർദ്ദേശിച്ചതിൻപ്രകാരം SPARK ൽ താൽക്കാലിക ക്രമീകരണം ചെയ്യുന്നതിനായി മാനേജർ PMU വിന് കേരള ഔദ്യോഗിക ഭാഷ (നിയമനിർമ്മാണ) കമ്മീഷനിലെ DDO കത്ത് നൽകിയിട്ടുണ്ടായിരുന്നതും ആയതിന് മറുപടി ലഭ്യമാകാത്തതിനാൽ ഓർമ്മക്കുറിപ്പ് അയച്ചിട്ടുള്ളതുമാണ്. |
| (ബി) | അക്കൗണ്ടന്റ് ജനറൽ നിർദ്ദേശിച്ചിട്ടും ഒഫീഷ്യൽ ലാംഗ്വേജ് കമ്മീഷനിലെ ജീവനക്കാരന് ശമ്പള കുടിശ്ശികയും ശമ്പളവും നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | SPARK ൽ താൽക്കാലിക ക്രമീകരണം ചെയ്യുന്നതിനായി കേരള ഔദ്യോഗിക ഭാഷ (നിയമനിർമ്മാണ) കമ്മീഷനിലെ DDO, മാനേജർ PMU വിന് കത്തും ഓർമ്മക്കുറിപ്പും നൽകിയിട്ടുണ്ട്. **സ്പാർക്കിൽ വേണ്ട മാറ്റങ്ങൾ വരുത്തി അക്കൗണ്ടന്റ് ജനറൽ Pay Slip ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ DDOയ്ക്ക് തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.** 2024 ജനുവരി മാസം വരെയുള്ള ശമ്പളം അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) | ജീവനക്കാരന് ശമ്പളം നൽകുന്ന സ്പാർക്ക് സംവിധാനത്തിൽ താൽക്കാലികമായ മാറ്റം വരുത്താൻ അക്കൗണ്ടന്റ് ജനറലും നിയമ സെക്രട്ടറിയും നിർദ്ദേശിച്ചിട്ടും ഒഫീഷ്യൽ ലാംഗ്വേജ് കമ്മീഷനിലെ ഡി.ഡി.ഒ അത് നടപ്പിലാക്കിയില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഡി.ഡി.ഒ. യിൽ നിന്നും പ്രസ്തുത തുകക്കുള്ള പലിശ ഈടാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | SPARK ൽ താൽക്കാലിക മാറ്റം വരുത്തുന്നതിന് കേരള ഔദ്യോഗിക ഭാഷ (നിയമനിർമ്മാണ) കമ്മീഷനിലെ DDO, മാനേജർ PMU വിന് കത്തും ഓർമ്മക്കുറിപ്പും നൽകിയിട്ടുണ്ട്. **സ്പാർക്കിൽ വേണ്ട മാറ്റങ്ങൾ വരുത്തി അക്കൗണ്ടന്റ് ജനറൽ Pay Slip ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ DDOയ്ക്ക് തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ** |

| | | | |
|---|---|---|---|
| (ഡി) | രണ്ട് ശസ്ത്രക്രിയകൾ കഴിഞ്ഞ ജീവനക്കാരന് തുടർ ചികിത്സയ്ക്കുള്ള പണം ലഭ്യമാക്കാൻ പ്രസ്തുത കുടിശ്ശിക വേഗം നൽകാൻ നടപടി സ്വീകരിക്കുമോ? | (ഡി) | SPARK ൽ വേണ്ട മാറ്റങ്ങൾ വരുത്തി അക്കൗണ്ടന്റ് ജനറൽ Pay Slip അനുവദിക്കുന്ന മുറയ്ക്ക് മുൻ ഗസറ്റഡ് സർവ്വീസിലെ കുടിശ്ശിക അനുവദിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ